(സി) പാഠപുസ്തകങ്ങളിൽ കണ്ടെത്തിയ നിസാരമായ പിശകുകൾ പരിഹരിച്ചാണ് റീപ്രിന്റിനു നൽകിയത്. ഇത് എല്ലാ വർഷവും പുസ്തകം റീപ്രിന്റിന് നൽകുന്നതിനു മുമ്പായി നടത്തുന്ന പ്രക്രിയയാണ്. സാരമായ തെറ്റുകളല്ലാത്തതിനാൽ തയ്യാറാക്കിയ അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കേണ്ടി വന്നില്ല.

(ഡി) കരിക്കുലം സബ് കമ്മിറ്റിയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗങ്ങളെ ഉൾപ്പെടുത്തി സൂക്ഷ്മപരിശോധനയ്ക്കുശേഷം മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക് നൽകുകയുള്ളൂ. കൂടാതെ പുസ്തകങ്ങൾ അച്ചടിക്ക് നൽകുന്നതിനു മുമ്പ് വിദഗ്ധ സമിതിയെക്കൊണ്ട് സൂക്ഷ്മ പരിശോധന നടത്തുന്നതാണ്. പിശകുകളില്ല എന്നുറപ്പാക്കി മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക് നൽകുകയുള്ളൂ.

യൂണിഫോം വിതരണം

16(4620) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കുട്ടികൾക്ക് കഴിഞ്ഞ അദ്ധ്യയന വർഷം വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്ന യൂണിഫോം യഥാസമയം വിതരണം ചെയ്യുവാൻ തീർക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉദ്യോഗസ്ഥർ കൃത്യവിലോപം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദ്യ സംരംഭമെന്ന നിലയിൽ ഉണഭോക്താക്കളായ വിദ്യാർത്ഥികളുടെ കണക്ക് (എ.പി.എൽ. ബി.പി.എൽ.) ശേഖരിക്കുന്നതിനും, ഉണമേന്മയുള്ള യൂണിത്തരങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടിവന്നു. ഈ പദ്ധതി ആദ്യമായി സംസ്ഥാനമാണ് നടപ്പിലാക്കുന്നതിനാൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കമ്പനികളെ എംപാനൽ ചെയ്തതിനാൽ സ്വാഭാവിക കാലതാമസം മാത്രമേ നേരിട്ടിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly